(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) താഴെ പറയുന്ന ഗ്രാമങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന.

നാർട്ടിക ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

1. ഏങ്ങണ്ടിയൂർ
2. വാടാനപ്പള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്
6. എടത്തുരുത്തി
7. കൈപ്പമംഗലം
8. പെരിഞ്ഞാനം
9. പാപ്പിനിവട്ടം
10 ശ്രീനാരായണപുരം

വക്കം അഞ്ചുതെങ്ങ് സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

11. വക്കം
12. കടയ്ക്കാവൂർ
13. അഞ്ചുതെങ്ങ്
14 ചിറയിൻകീഴ്
15. കിഴ്വല്ലം
16. അഴൂർ

മാള അന്നമനട ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

17. മാള, 18. അന്നമനട, 19. കുഴൂർ, 20. പൊയ്യ 21 പുത്തൻചിറ, 22. വെള്ളാഞ്ഞല്ലൂർ

കോഴിപ്പുറം ജലവിതരണ പദ്ധതി

23. കോഴിപ്പുറം

പെരിയനാട് ജലവിതരണ പദ്ധതി

24. പെരിയനാട്

തൃക്കുന്നപ്പുഴ ജലവിതരണ പദ്ധതി

25. തൃക്കുന്നപ്പുഴ

കുണ്ടറ സമഗ്ര ഗ്രാമീണ ജലവിതരണ പദ്ധതി

26. കുണ്ടറ, 27 കുളക്കട 28. ഈസ്റ്റ്കല്ലട 29. പവിത്രേശ്വരം, 30. നെടുവത്തൂർ 31. എഴുകോൺ, 32. പേരയം.

"പരിഹരിക്കപ്പെട്ട തൊഴിൽ പ്രശ്നങ്ങൾ"

* 351. (410) ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി :
,, ബി. കാർത്തികേയൻ :
,, കെ. സി. ജോസഫ് :
,, കെ. കെ. തോമസ് :
,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ എത്രതൊഴിൽ പ്രശ്നങ്ങൾ കൂടിയാലോചനവഴി പരിഹരിക്കപ്പെട്ടു ;

(ബി) ഓരോ റീജിയണൽ ലേബർ കമ്മീഷണറുടേയും അധികാര പരിധിയിൽ എത്രവീതം ;

(സി) സംസ്ഥാനത്ത് തൊഴിൽദിനങ്ങൾ നഷ്ടപ്പെടുന്നത് എത്ര കണ്ട് കുറഞ്ഞിട്ടുണ്ട് ;

(ഡി) 1984-85-ൽ മുൻവർഷങ്ങളെ അപേക്ഷിച്ച് തൊഴിൽദിനങ്ങൾ നഷ്ടപ്പെടുന്നത് കുറഞ്ഞിട്ടുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 7557

(ബി) കൊല്ലം റീജിയണിൽ 1853 എറണാകുളം റീജിയണിൽ 2722 കോഴിക്കോട് റീജിയണിൽ 2982

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ 5367 തൊഴിൽ തർക്കങ്ങൾ നിലവിലുണ്ടായിരുന്നു. തുടർന്നു 27856 തർക്കങ്ങൾ കൂടി ഉണ്ടായി. ആകെ 32953 തർക്കങ്ങളിൽ 14097 എണ്ണം നേരിട്ടുള്ള ചർച്ചകൾ വഴിയും, 7557 എണ്ണം കൂടിയാലോചനകൾ വഴിയും പരിഹരിച്ചിട്ടുണ്ട്. 7458 തർക്കങ്ങൾ കക്ഷികൾ സ്വയം പിൻവലിക്കുകയും 983 എണ്ണം അഡ്ജൂഡിക്കേഷനു വിടുകയും 22 എണ്ണം ആർബിട്രേഷനു വിടുകയും ചെയ്തു. ഇപ്പോൾ 2835 തർക്കങ്ങൾ മാത്രമാണ് നിലവിലുള്ളത്. തൻമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതു ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(ഡി) ഉണ്ടെന്നു വ്യക്തമാണല്ലോ.

കൺസ്ട്രക്ഷൻ തൊഴിലാളികൾക്കു ക്ഷേമനിധി

* 352. (411) ശ്രീ. കെ. കൃഷ്ണൻകുട്ടി :
,, ടി പി. പീതാംബരൻ മാസ്റ്റർ :
,, എ. വി. താമരാക്ഷൻ :
,, ആർ. എസ്. ഉണ്ണി :
,, എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്ട്രക്ഷൻ തൊഴിലാളികൾക്കു ക്ഷേമനിധി ഏർപ്പെടുത്തുന്നതു സംബന്ധിച്ച് ഗവൺമെൻറ് അന്വേഷണ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണു നിയമിച്ചത് ;

(സി) കമ്മിഷൻ ഗവൺമെൻറിനു റിപ്പോർട്ട് നൽകിയോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിൻെറ ഉള്ളടക്കം വെളിപ്പെടുത്തുമോ ;

(ഇ) കൺസ്ട്രക്ഷൻ കോ-ഓർഡിനേഷൻ സർക്കാരിനു നിവേദനം നൽകിയോ ;

(എഫ്) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു പറയാമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly